SREENARAYANAGURU OPEN UNIVERSITY
*The State University for Education, Training and Research in Blended Format, Kerala*
University Building, Kureepuzha, Kollam, Kerala-691601 | www.sgou.ac.in

# പരീക്ഷാ വിഭാഗം
# സർക്കുലർ

**നം. 125/EX.1/26/SOU/2025** **തീയതി: 07/07/2025**

വിഷയം: ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി– പരീക്ഷാ വിഭാഗം നിരന്തരമൂല്യനിർണ്ണയം – യു. ജി. പ്രോഗ്രാം – ഇൻടേക്ക് 1 (2022 അഡ്മിഷൻ) – ആറാം സെമസ്റ്റർ –അസൈൻമെന്റ് സമർപ്പണം സംബന്ധിച്ച നിർദ്ദേശങ്ങൾ.

സൂചന : യു. ജി. പ്രോഗ്രാം – ഇൻടേക്ക് 1 (2022 അഡ്മിഷൻ) – ആറാം സെമസ്റ്റർ – B.A. (English/Malayalam/Hindi/Arabic/Sanskrit).

സൂചന പ്രകാരമുള്ള പ്രോഗ്രാമുകളുടെ അസൈൻമെന്റുകൾ പഠിതാക്കൾക്ക് 27/07/2025 വരെ പിഴ കൂടാതെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. 27/07/2025 തീയതിക്ക് ശേഷം അസൈൻമെൻറ് ഒന്നിന് 50 രൂപ ലേറ്റ്ഫീയോടുകൂടി ബന്ധപ്പെട്ട പ്രോഗ്രാം കാലാവധി വരെയും പ്രോഗ്രാം കാലാവധിയ്ക്ക് ശേഷം 100 രൂപ സൂപ്പർ ഫൈനോടു കൂടിയും ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

27/07/2025 വരെ ഫൈനില്ലാതെ സമർപ്പിക്കുന്ന അസൈൻമെന്റുകൾ മാത്രമേ ടി സെമെസ്റ്ററുകളുടെ റഗുലർ പരീക്ഷകളുടെ ഫലത്തിനായി പരിഗണിക്കുകയുള്ളൂ. ടി തീയതിക്ക് ശേഷം ഫൈനോടു കൂടി സമർപ്പിക്കുന്ന അസൈൻമെന്റുകളുടെ ഫലം സപ്ലിമെന്ററി പരീക്ഷാ ഫലത്തിനോടൊപ്പമേ പ്രസിദ്ധീകരിക്കുകയുള്ളൂ.

**അസൈൻമെന്റുകൾ ഓൺലൈനായി അപ്‌ലോഡ് ചെയ്യുമ്പോൾ പഠിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ :**

- പഠിതാക്കൾ അസൈൻമെന്റ് എഴുതി സ്കാൻ ചെയ്യുകയും, pdf ഫോർമാറ്റിൽ അതാത് കോഴ്സിന്റെ പേരും ഏതു സെറ്റ് (സെറ്റ് 1/സെറ്റ് 2) ആണെന്നും ഫയലിന്റെ പേരിനോടൊപ്പം നൽകേണ്ടതാണ്.

- പഠിതാക്കൾ അസൈൻമെന്റുകൾ സമർപ്പിക്കുമ്പോൾ ആദ്യ പേജായി സർവകലാശാല നിർദ്ദേശിച്ചിട്ടുള്ള FACING SHEET ഉൾപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. പ്രസ്തുത FACING SHEET–ന്റെ ഫോർമാറ്റ് പഠിതാക്കളുടെ LSC–കളിലും സർവകലാശാല വെബ്സൈറ്റിലും ലഭ്യമാണ്.

- അപ്‌ലോഡ് ചെയ്യുന്ന pdf ഫയലിന്റെ പരമാവധി സൈസ് 10 MB / 10 പേജ് ആണ്. (10 പേജ് എന്നുള്ളത് വിഷയത്തിന്റെ ഉള്ളടക്കമാണ്)

- erp.sgou.ac.in എന്ന ലേണേഴ്സ് പോർട്ടലിൽ സ്റ്റുഡന്റ് ലോഗിൻ വഴിയാണ് അസൈൻമെന്റുകൾ ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടത്.

- കോഴ്സുകൾ മാറി അപ്‌ലോഡ് ചെയ്തതോ, അസൈൻമെന്റുകൾ അപ്‌ലോഡ് ആകാത്തതോ ആയ സാഹചര്യങ്ങളിൽ ടി കോഴ്സിന്റെ മൂല്യനിർണയം നടത്താൻ സാധിക്കില്ല, ആയതിനാൽ ഓരോ കോഴ്സിന് നേരെയുള്ള Assignment Set I (DESCRIPTIVE), Assignment Set II (ANALYTICAL) അസൈൻമെന്റുകൾ വ്യത്യസ്ത ഫയലുകളായി അപ്‌ലോഡ് ചെയ്യണം. Set I ഉം Set II ഉം ഒരുമിച്ച് അപ്‌ലോഡ് ചെയ്യാൻ പാടില്ല.

- ഒരേ ഉള്ളടക്കം വ്യത്യസ്തമായ ഫേസിങ് ഷീറ്റ് ഉൾപ്പെടുത്തി സമർപ്പിക്കുന്ന പഠിതാക്കളുടെ അസൈൻമെന്റുകൾ, Regulations for the Prevention of Malpractices in the University Examinations-2023 (Embodying amendments upto 13 March 2024), Clause-18 പ്രകാരം

പരീക്ഷ ക്രമക്കേടായി കണക്കാക്കുകയും ടി പഠിതാക്കളുടെ അസൈൻമെന്റുകൾ അസാധുവാക്കുകയും സർവകലാശാല നിയമപ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും. ആയതിനാൽ പഠിതാക്കൾ സ്വന്തമായി തയ്യാറാക്കിയ അസൈന്മെന്റുകൾ മാത്രം സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

- പഠിതാക്കൾക്ക് അസ്സൈൻമെന്റിന്റെ സ്റ്റാറ്റസ് സ്റ്റുഡന്റ് പോർട്ടലിൽ കാണുവാൻ സാധിക്കുന്നതാണ് .

- അസൈൻമെന്റുകൾ അപ്‌ലോഡ് ചെയുന്ന പ്രക്രിയയുടെ ഡെമോ വീഡിയോ പഠിതാക്കൾക്ക് പങ്കുവെയ്ക്കുന്നതാണ്.
- ഫൈനോട് കൂടി സമർപ്പിക്കുന്ന അസൈൻമെന്റുകളും erp.sgou.ac.in പോർട്ടൽ വഴി ഓൺലൈനായി മാത്രമേ സമർപ്പിക്കാവൂ. ഫൈൻ അടയ്ക്കുന്നതിനുള്ള പെയ്മെന്റ് വിൻഡോ അതിൽ തന്നെ ലഭ്യമാകുന്നതാണ്. ടി പോർട്ടൽ വഴി ഫൈൻ അടച്ചതിന്റെ Payment Receipt മാത്രമേ സർവകലാശാല സ്വീകരിക്കുയുള്ളൂ. Payment Receipt സ്റ്റുഡന്റ്സ് പോർട്ടലിലെ ഡാഷ്ബോർഡിലെ Payment ടാബിൽ ലഭ്യമാണ്.

*ഓൺലൈനായി സമർപ്പിക്കുന്നതിന് സാങ്കേതികമായോ പ്രയോഗികമായോ ബുദ്ധിമുട്ടുകൾ നേരിടുന്ന പഠിതാക്കൾക്ക് അസൈൻമെന്റുകൾ ഓഫ്‌ലൈനായും LSC കളിൽ സബ്മിറ്റ് ചെയ്യാവുന്നതാണ്.*

**ഓഫ്‌ലൈനായി അസൈൻമെന്റുകൾ LSCകളിൽ സമർപ്പിക്കുമ്പോൾ പഠിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

- **പഠിതാക്കളുടെ സ്റ്റുഡന്റ്സ് ഡാഷ്ബോർഡിൽ എല്ലാ കോഴ്സുകളുടെയും അസൈൻമെന്റുകൾ സമർപ്പിക്കുന്ന – Mode of Submission – Offline Mode ആയി തിരഞ്ഞെടുക്കേണ്ടതുണ്ട്.** അല്ലാത്ത പക്ഷം ടി പഠിതാക്കളുടെ അസൈൻമെന്റുകൾ മൂല്യനിർണയം നടത്തി മാർക്കുകൾ രേഖപ്പെടുത്താൻ സാധിക്കില്ല.

- Offline Mode തിരഞ്ഞെടുക്കാത്ത പഠിതാക്കളുടെ അസൈൻമെന്റുകൾ LSCകളിൽ സമർപ്പിക്കാൻ സാധിക്കുകയില്ല.
- എല്ലാ കോഴ്സുകളുടെയും അസൈൻമെന്റുകൾ സമർപ്പിക്കുന്ന – Mode of Submission – Offline Mode ആയി തിരഞ്ഞെടുത്തതിന്റെ Screenshot പ്രിന്റ് ഔട്ട് ഉം അസൈൻമെന്റുകളോടൊപ്പം പഠിതാക്കൾ LSCകളിൽ സമർപ്പിക്കേണ്ടതാണ്.

**പ്രൊഫ. (ഡോ.) ഗ്രേഷ്യസ് ജെ.**
**പ്രൊ വൈസ് ചാൻസലർ (i/c)**
**& പരീക്ഷാ കൺട്രോളർ**

Copy to:-

PS TO VC/PVC
PA to Registrar/FO/CC/PRO
All Directors, Regional Centres
All LSC Coordinators
Academic Co-ordinator
Head of Schools
All Assistant Professors
Stock file/File

**NO. EX.1/26/SOU/2025**